# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## നന്മണ്ട ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്
e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.12/1483/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 0495-2371012
തീയതി – 11.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നന്മണ്ട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നന്മണ്ട ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി./പി.12/1483/2017 തീയതി – 11.08.2017

# കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത്1.04.16 മുതൽ 31.03.2017തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജൻ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.07.2017 മുതൽ 19.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പി കെ ഉണ്ണി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.എം.ശ്യാംജിത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.നിമ്മി സി | ഓഡിറ്റർ സീനിയർ ഗ്രേഡ് |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കുണ്ടൂർ ബിജു. | 01.04.2016മുതൽ31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി ഉമ ടി | 01.04.2016മുതൽ31.03.2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീമതി ടി പി രമണി | 01.04.2016മുതൽ16.08.2016വരെ |
| അസി.സെക്രട്ടറി | ശ്രീ കെ രാജീവൻ | 01.09.2016മുതൽ30.09.2016വരെ |
| അസി.സെക്രട്ടറി | ശ്രീ രാധാകൃഷ്ണൻ എ പി | 01.10.2016മുതൽ31.03.2017വരെ |
| അസി.എഞ്ചിനീയർ | ശ്രീ.ഷിനോയ് | 01.04.2016മുതൽ31.03.2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ശ്രീജിത്ത് സി പി | 01.04.2016മുതൽ03.10.2016വരെ |
| | ശ്രീമതി.ബിന്ദു എൻ | 05.10.2016മുതൽ31.03.2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി ദന | 01.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ജാസ്മിൻ കെ | 01.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.കെ എം ഗോകുലൻ | 01.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.സുനില എസ് | 01.04.2016മുതൽ31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.വിനീഷ് | 01.04.2016മുതൽ12.05.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രവീൺ | 13.05.2016മുതൽ31.03.2017വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | പ്രമീള കെ | 01.04.2016മുതൽ31.03.2017വരെ |

| | | |
|---|---|---|
| വി ഇ ഒ | മഞ്ജുള പി | 01.04.2016മുതൽ31.03.2017വരെ |
| ഹെഡ് മാസ്റ്റർ | മൈമൂനത്ത് | 01.04.2016മുതൽ31.03.2017വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | കൃഷിഭവൻ – ഗുണഭോക്തൃ വിഹിതം പിരിക്കൽ – ഡബിൾസൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. | 2-2 |
| 13 | ഇ-ടെണ്ടർ – ടെണ്ടർ ഫീ, പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല. | 2-3 |
| 14 | പരസ്യ നികുതി ഈടാക്കുന്നില്ല. | 2-4 |
| 15 | ഡി & ഒ ലൈസൻസ് പൊതു അപാകതകൾ | 2-5 |
| 16 | ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ | 2-6 |
| 17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. | 2-7 |
| 18 | വാടകക്കാരുമായി കരാർ വെച്ചിട്ടില്ല. | 2-8 |
| 19 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-9 |
| 20 | ലൈബ്രറി സെസ്സ് അടവാക്കാത്തത് – സംബന്ധിച്ച് | 2-10 |
| | ഭാഗം 3 | |
| 21 | അങ്കണവാടികളിലേക്ക് റേഡിയോ വാങ്ങൽ – പദ്ധതി നടത്തിപ്പിൽ അപാകതകൾ | 3-1 |
| 22 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പദ്ധതി – പ്രൊജക്ട് നടപ്പാക്കിയതിലെ അപാകത | 3-2 |
| 23 | ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയതിലെ അപാകത | 3-3 |
| 24 | ഡെപ്പോസിറ്റ് വർക്കുകൾ – തുക കൈമാറിയെങ്കിലും കരാർ വെച്ചില്ല, പ്രവൃത്തി ആരംഭിച്ചില്ല | 3-4 |
| 25 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി – കൈമാറിയ തുകക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. | 3-5 |

| | | |
|---|---|---|
| 26 | സമഗ്ര ആരോഗ്യ പരിപാടി – കൈമാറിയ തുകക്കുള്ള ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും ലഭിച്ചില്ല. | 3-6 |
| 27 | വീടിന്റെ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ പദ്ധതി – ധനസഹായം ഗുണഭോക്താക്കളുടെ ബേങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറിയതിന് സാക്ഷ്യപ്പെടുത്തിയ രേഖകളില്ല. | 3-7 |
| 28 | സമ്പൂർണ്ണ ശുചിത്വം – ഖരമാലിന്യ സംസ്കരണം പരിപാടി – പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്തതിന് വിതരണ രേഖകളില്ല. | 3-8 |
| 29 | പൊതു മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് – ക്ഷേമനിധി വിഹിതം അടവാക്കിയതിന് രേഖകളില്ല | 3-9 |
| 30 | പി.എം.എ.വൈ പഞ്ചായത്ത് കോൺട്രിബ്യൂഷൻ – വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല | 3-10 |
| 31 | യുവാക്കൾക്ക് മെച്ചപ്പെട്ട പ്രൊഫഷണൽ വിദ്യാഭ്യാസം, നിബന്ധനകൾ പാലിച്ചിട്ടില്ല. | 3-11 |
| 32 | ഒളയിന്മേൽ കോളനി സമഗ്ര വികസനം | 3-12 |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തികൾ – വിനിയോഗപത്രം ലഭ്യമല്ല | 3-13 |
| 34 | യുവാക്കൾക്ക് മെച്ചപ്പെട്ട പ്രൊഫഷണൽ വിദ്യാഭ്യാസം – പദ്ധതി നടത്തിപ്പിൽ അപാകതകൾ | 3-14 |
| 35 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ – പദ്ധതി നടത്തിപ്പിൽ വീഴ്ച | 3-15 |
| 36 | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ | 3-16 |
| 37 | വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ – സ്റ്റോർ പർച്ചേസ് നിയമം പാലിച്ചിട്ടില്ല. | 3-17 |
| 38 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-18 |
| | ഭാഗം 4 | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17വർഷത്തെ പുതുക്കിയ ബജറ്റ് 27.03.2017 തിയതിയിലെ53/17 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 10.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 13.07.2017 | റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തു |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -15537112

വരവ് -53082736

ആകെ -68619848

ചെലവ് -50076803

നീക്കിയിരിപ്പ്-18543045

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ളത്)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10592853 | 10592853 | 10592853 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 7971093 | 7971093 | 5850155 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4010523 | 4010523 | 2171673 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3042579 | 3042579 | 3014060 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5940436 | 5940436 | 4473990 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3265532 | 3265532 | 1978714 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 12348 | 1293523 | 1305871 | 1237977 | 67894 |
| ബി ഫണ്ട് | 0 | 44037475 | 44037475 | 44037475 | 0 |
| ജനറൽ പർപ്പസ് | 10695444 | 8596560 | 19292004 | 10704916 | 8587088 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 64374062 | 106 | 32177114 | 0 | 56 | 50% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം.1,50,937 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.വസ്തു നികുതി പരിഷ്കരണത്തോടനുബന്ധിച്ചുള്ള ഭേദഗതികൾ കാരണം പലരും വസ്തു നികുതിയുടെ പരിധിയിൽ നിന്ന് ഒഴിവായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4043514 | 3681692 | -361822 | |
| നികുതിയേതര വരവുകൾ | 724688 | 935573 | +210885 | |
| മറ്റുവരവുകൾ – പലിശ | - | 170243 | | |
| ആകെ | 4768202 | 4787508 | | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 400320 | 252 |
| കർഷകതൊഴിലാളി പെൻഷൻ | 8359890 | 859 |
| വിധവാപെൻഷൻ | 10959000 | 958 |
| വാർദ്ധക്യകാലപെൻഷൻ | 20229065 | 1998 |
| വികലാംഗപെൻഷൻ | 2666070 | 275 |
| അവിവാഹിതകൾക്കുള്ള പെൻഷൻ | 1287130 | 133 |
| വിവാഹധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2017. ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,182/-.രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2017 മുതൽ 16.06.2017വരെ | 31.05.2017 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.02.2004 | 2003-04 വരെ | 632-തീയതി-22.07.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

നന്മണ്ട ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തിലെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കേരള ഫിനാൻഷ്യൽ കോഡ് ,ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ ക്കൂട്ടേണ്ടതാണ്.ഇപ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി പഞ്ചായത്തിന് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾബി 7 ഡെപ്പോസിറ്റ് റിസീവ്ഡിൽ തന്നെയാണ് കാണിച്ചിരിക്കുന്നത്.ഉദാഹരണത്തിന് 3 വർഷം മുമ്പ് വരെയുള്ള കോൺട്രാക്ടേഴ്സ് ഇഎംഡി 26,550/- രൂപയാണ്.എന്നാൽ ബാലൻസ് ഷീറ്റിൽ ആയത് 1,14,320/- രൂപയാണ്.മറുപടി പ്രകാരം കാലഹരണപ്പെട്ട തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ഡെപ്പോസിറ്റ് റജിസ്റ്റർ കാലികമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

2. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് റൂൾ2011)ചട്ടം58(4)പ്രകാരമുള്ള സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.ആയത് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് മറുപടി പ്രകാരം അറിയിച്ചിട്ടുണ്ട്.

3. നാളിതുവരെയുള്ള എല്ലാ ആസ്തികളുടെയും മൂല്യം ബാലൻസ് ഷീറ്റിലുൾപ്പെടുത്തിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികൾ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. വസ്തു നികുതി കലക്ഷൻ പ്രസ്തുത വർഷത്തിൽ വാർഷിക കണക്ക് പ്രകാരം 19,97,120/-രൂപയും സഞ്ചയ ഡി.സി.ബി പ്രകാരം 19,62,889/-രൂപയുമാണ്.

## 2-2 കൃഷിഭവൻ-ഗുണഭോക്തൃ വിഹിതം പിരിക്കൽ-ഡബിൾസൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല

2016-17 വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടുണ്ട്.പഞ്ചായത്തിൽ നിന്നും അനുവദിച്ച 29003,29004,29005 നമ്പർ രശീതി ബുക്കുകൾ മുഖേന 2,60,000/- രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്.പ്രസ്തുത തുക പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.എന്നാൽ ഡബിൾസൈഡ് കാർബൺ ഉപയോഗിക്കാതെയാണ് തുക പിരിച്ചെടുത്തിട്ടുള്ളത്.2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ,20 സി പ്രകാരം മാനുവലായി നൽകുന്ന രശീതികൾക്ക് ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.വിശദീകരണം നൽകേണ്ടതാണ്.

## 2-3 ഇ-ടെണ്ടർ-ടെണ്ടർ ഫീ,പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല. ഇ-ടെണ്ടർ-ടെണ്ടർ ഫീ,ഇ എം ഡി മുതലായവ സ്വീകരിക്കുന്നത് -സം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവർത്തികൾക്ക് ഇ ടെണ്ടർ സമർപ്പിക്കുന്നവരിൽ നിന്നും ഓൺലൈനായി ഇ എം ഡി,ടെണ്ടർ ഫീ മുതലായവ സ്വീകരിക്കുന്നതിലേക്ക് സ ഉ(എം എസ്)318/13/തസ്വഭവ തീയതി-28.09.2013 ,എൽ എസ് ജി ഡി ചീഫ് എഞ്ചിനീയറുടെ 10.10.2013,19.12.2016,21.12.2016 എന്നീ തീയതികളിലെ ഡി ബി1-7942/2013/സി ഇ/എൽ എസ് ജി ഡി നമ്പർ സർക്കുലറുകൾ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടായിരുന്നു.2016-17 വർഷത്തിൽ ഇ ടെണ്ടർ നടത്തിയതിൽ പ്രസ്തുത അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ചിരുന്നു.പ്രസ്തുത തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യിട്ടില്ലെന്നും ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഈ ആവശ്യത്തിലേക്കായി രൂപീകരിച്ച ബേങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും

അറിയിച്ചിട്ടുണ്ട്.ഈ തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പരസ്യനികുതി ഈടാക്കുന്നില്ല

നന്മണ്ട ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിലും പരസ്യനികുതി ഈടാക്കിയിട്ടില്ല.2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം സൂചിപ്പിച്ചിട്ടുള്ളതാണ്.1994 കേരള പഞ്ചായത്ത് രാജ്നിയമവും ചട്ടങ്ങളും വകുപ്പ് 209 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ ചുമരിലോ പരസ്യപ്പലകയിലോ ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയാണെങ്കിൽ ,പരസ്യം പ്രദർശിപ്പിക്കുന്ന ഏതൊരാളും സർക്കാരിന്റെ അംഗീകാരത്തോടു കൂടി പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ നികുതി കൊടുക്കേണ്ടതാണ്.നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പരസ്യം പ്രദർശിപ്പിച്ചുണ്ടെങ്കിലും പഞ്ചായത്ത് പരസ്യ നികുതി ഈടാക്കിയിട്ടില്ല.

പരസ്യനികുതി ബൈലോയുമായി ബന്ധപ്പെട്ട എ3/49/09 ഫയൽ പരിശോധിച്ചതിൽനിന്നും 2009 മുതൽ തന്നെ പഞ്ചായത്തിൽ ബൈലോ ഉണ്ടാക്കുന്നതിനായുള്ള ശ്രമങ്ങൾ ആരംഭിച്ചതായി കാണുന്നു.എന്നാൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തതിനാൽ ഇക്കാര്യം നീണ്ടുപോയിട്ടുണ്ട്. ഏറ്റവും ഒടുവിൽ 2.03.2016 ന് എ5/934/15 നമ്പർ കത്തിലൂടെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരസ്യനികുതി പിരിക്കുന്നതിലൂടെ പഞ്ചായത്ത് വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാമെന്നതിനാൽ ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കാനാവശ്യപ്പെട്ടിട്ടുണ്ട്.ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചു എന്നും നിലവിലെ അവസ്ഥയും അറിയിക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് പരസ്യനികുതി ബൈലോ അംഗീകാരത്തിനായി എ5-934/15 നമ്പർ കത്തു മുഖേന അപാകത പരിഹരിച്ച് അംഗീകാരത്തിനായി പുന:സമർപ്പിച്ച വിവരം അറിയിച്ചിട്ടുണ്ട്.ഇക്കാര്യത്തിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിച്ച് അടുത്ത വർഷം മുതൽ നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി നടപ്പിൽ വരുത്തിയ ശേഷം വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-5 ഡി ആന്റ് ഒ ലൈസൻസ് പൊതു അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക 2,3,4 പ്രകാരം വിറ്റുവരവിനെ അല്ലെങ്കിൽ യന്ത്രത്തിന്റെ കുതിര ശക്തിയെ അടിസ്ഥാനപ്പെടുത്തിയാണ് ലൈസൻസ് ഫീ നിശ്ചയിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച പകുതിയോളം അപേക്ഷകളിലും വിറ്റുവരവ് കോളം പൂരിപ്പിച്ചിട്ടില്ല. വിറ്റുവരവ് കണക്കാക്കാൻ ബുദ്ധിമുട്ടുള്ള സംഗതിയിൽ സ്ഥാപനത്തിന്റെ സ്ഥിരനിക്ഷേപത്തിന്റെ അഞ്ച് ശതമാനം ഒരു ദിവസത്തെ വിറ്റു വരവായി കണക്കാക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള നടപടിയും സ്വീകരിച്ചു കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | റജിസ്റ്ററിലെ നം | ലൈസൻസിയുടെ പേര് | കച്ചവടം |
|---|---|---|---|
| 1 | 229 | മിഥുൻ എൻഞെറപറമ്പത്ത് മീത്തൽ,ചേളന്നൂർ | ബസ്,ലോറി ബോഡി വർക്സ് |
| 2 | 223 | കേശവൻ നമ്പൂതിരിമാനേജിംഗ് പാർട്ണർ,ഓൺലൈൻ മന്ത്രാസ് | ഓൺലൈൻ വില്പന |
| 3 | 220 | എൻ ടി ജാബിർനടുതൊടികയിൽ,പുത്തൂർ,ഓമശ്ശേരി | ഹാർഡ് വെയർ കച്ചവടം |
| 4 | 80 | ശബിജ പി എംപെരുവാഴ മലയിൽ,ചീക്കിലോട് | എസി,ടിവി,വാഷിംഗ് മെഷിൻ മുതലായവ യുടെ നില്പന |
| 5 | 63 | ഫൈസൽ ടി,ഉരുത്തിയിൽ,കാരക്കാട് | ടൈൽസ് |

ലൈസൻസ് ഫീസ് ചുമത്തുന്നതിന് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ കൂടാതെ എങ്ങനെയാണ് ലൈസൻസ് ഫീ ചുമത്തിയത് എന്നതിന് വിശദാംശം ആവശ്യപ്പെട്ടതനുസരിച്ച് അടുത്ത സാമ്പത്തിക വർഷം മുതൽ വിറ്റുവരവ് കൃത്യമായി രേഖപ്പെടുത്തി ലൈസൻസ് ഫീ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ഇക്കാര്യത്തിൽ തുടർ നിരീക്ഷണം നടത്തുന്നതാണ് എന്നറിയിക്കുന്നു.

## 2-6 ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ232(1) പ്രകാരം മനുഷ്യന്റെ ജീവനോ,ആരോഗ്യത്തിനോ,വസ്തുവകകൾക്കോ അപകടമോ,അസഹ്യതയോ ഉണ്ടാകുകയോ ഉണ്ടാകാൻ ,സാധ്യതയുള്ളതോ ആയ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല.പട്ടിക 2 പ്രകാരം ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിശ്ചയിക്കാവുന്ന ലൈസൻസ് ഫീയുടെ നിരക്ക് നൽകിയിട്ടുണ്ട്.2016-17 വർഷത്തിൽ നന്മണ്ട ഗ്രാമപഞ്ചായത്തിൽ പ്രസ്തുത നിരക്കിലും കുറവായി ലൈസൻസ് ഈടാക്കിയ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | രജിസ്റ്ററിലെ സീരിയൽ നമ്പർ | ഉടമ | സ്ഥാപനം | വിറ്റുവരവ് | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|---|---|
| 1 | 22 | അബ്ദുൾ ജബ്ബാർ, നറക്കോത്ത്,നന്മണ്ട | ഹൗസ് ഹോൾഡ് ഗുഡ്സ് വില്പന | 10,000/- | 100/- | 200/- |
| 3 | 277 | സിബിൻ ബി കെ, മാനേജിഗ് പാർട്ണർ, പവർവേൾഡ് ഇലക്ട്രിക്കൽസ് | ഇലക്ട്രിക്കൽ ആന്റ് പ്ലംബിംഗ് ഐറ്റംസ് സെയിൽ | 8000/- | 100/- | 200/- |

ഇപ്രകാരം മറ്റു സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ കുറവായി ഈടാക്കിയിട്ടുണ്ടോ എന്നത് പരിശോധിക്കണമെന്ന് അറിയിച്ചതിനെ തുടർന്ന് മേൽ ലൈസൻസികളെ വിവരം അറിയിച്ചിട്ടുണ്ട് എന്നറിയിച്ചു.തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-7 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

2016-17 വർഷത്തിൽ വസ്തു നികുതി ഇനത്തിൽ നന്മണ്ട ഗ്രാമപഞ്ചായത്തിൽ1,94,701/-രൂപയുടെ കുടിശ്ശിക ഉണ്ട്.ഗ്രാമപഞ്ചായത്തിലെ 9,17 വാർഡുകളിലെ മൊബൈൽ ടവറുകളുടെ നികുതിയാണ് പ്രധാനമായും അടച്ചിട്ടില്ലാത്തത്.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഉടമ | ബിൽഡിംഗ് നം |
|---|---|---|
| 1 | സുന്ദരേശ്വര വാര്യർ,മാനേജർ,എസ്റ്റേറ്റ് ടെക്നോളജി ചോയ്സ് ടവർ,മനോരമ ജംഗ്ഷൻ,കൊച്ചി | 9/566 |
| 2 | ജയപാൽ മേനോൻ,മാനേജർ,ഭാരതി എയർടെൽ ലിമിറ്റഡ്,കണ്ടന്നൂർ,കൊച്ചി | 9/566എ |
| 3 | കെ ഗോപകുമാർ,റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്,എ&പി ആർക്കേഡ്,കടവന്ത്ര,കൊച്ചി | 9/498 |
| 4 | വസന്തകുമാരി,അർച്ചന,നന്മണ്ട | 14/394 |
| 5 | കെ ഗോപകുമാർ,റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്,എ&പി ആർക്കേഡ്,കടവന്ത്ര,കൊച്ചി | 17/188 |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കുന്നതിന് പഞ്ചായത്ത് എന്ത് നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാനാവശ്യപ്പെട്ടതിനെ തുടർന്ന് ഇക്കാര്യത്തിൽ നിയമാനുസൃതമുള്ള നടപടികൾക്ക് ശേഷം എ5-2286/17 തീയതി-31.03.2017 ഫയൽപ്രകാരം കോഴിക്കോട് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി 3 ലും പേരാമ്പ്ര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതിയിലും പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും നടപടികൾ തീർപ്പാകുന്ന മുറക്ക് നികുതി പിരിച്ചെടുക്കുമെന്നും അറിയിച്ചു. കേസിന്റെ പുരോഗതിയും, നികുതി പിരിവിന്റെ വിശദാംശവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 വാടകക്കാരുമായി കരാർ വെച്ചിട്ടില്ല

നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 15 റൂമുകളിൽ എല്ലാറൂമുകളും 2016-17 വർഷത്തിൽ വാടകക്കാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.വർഷം തോറും 10% വാടക കൂട്ടിനിശ്ചയിച്ചാണ് മുറികൾ അനുവദിക്കുന്നത്.എന്നാൽ ഇക്കാര്യത്തിനായി പഞ്ചായത്ത് ബൈലോ ഉണ്ടാക്കിയിട്ടില്ല.പ്രസ്തുത വർഷത്തിൽ എല്ലാ

വാടകക്കാരും വാടക അടച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തുമായി കരാർ വെക്കുന്നതിൽ ശ്രദ്ധ വെച്ചു കാണുന്നില്ല.സാമ്പത്തിക വർഷാരംഭത്തിൽ തന്നെ എഗ്രിമെന്റ് പുതുക്കി വെക്കണമെന്നിരിക്കെ മിക്ക സ്ഥാപനങ്ങളും സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലേക്കാണ് കരാർ വെച്ചിരിക്കുന്നത്.

എന്നാൽ 2016-17 വർഷത്തിൽ ചില സ്ഥാപനങ്ങൾ കരാർ വെച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വാടകക്ക് നൽകിയത് | വാടക |
|---|---|---|
| 1 | വിപിൻ കുമാർ,മേലെപുളിയങ്ങാട്ട്,നന്മണ്ട | 663/- |
| 2 | ഉമേഷ്,കൊല്ലൻ കണ്ടി,നന്മണ്ട | 1709/- |
| 3 | സെക്രട്ടറി,നന്മണ്ട ഹൗസിംഗ് സൊസൈറ്റി | 3077 |

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടതനുസരിച്ച് കരാർ ചമക്കുന്നതിന് പഞ്ചായത്ത് എല്ലാ വാടകക്കാർക്കും കത്ത് നൽകിയെങ്കിലും മേൽ പരാമർശിച്ച വാടകക്കാർ കരാർ വെച്ചിട്ടില്ല എന്നറിയിച്ചു.കരാർ ഇല്ലാത്ത പക്ഷം കോടതി വ്യവഹാരങ്ങളിലും മറ്റും പഞ്ചായത്തിന് ന്യായീകരണമില്ലാതായി തീരുന്നതാണ്. നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

## 2-9 <u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

കേരള പഞ്ചായത്ത് രാജ് ആക്റ്റ്,ചട്ടം 3സെക്ഷൻ204(1)(ii)എ(i) പ്രകാരം ഒരു പഞ്ചായത്തിൽ ഓരോ അർദ്ധവർഷവും തുടർച്ചയായോ,പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ ആ വ്യക്തി തൊഴിൽ നികുതിക്ക് വിധേയനാകുന്നതാണ്.ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2016-17 വർഷത്തിൽ താഴെ പറയുന്ന കരാറുകാർക്ക് വിവിധ പ്രവൃത്തികൾക്ക് ടെണ്ടർ ലഭിച്ചതായി കാണുന്നു.എന്നാൽ പ്രസ്തുത വർഷം കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

2016-17 നന്മണ്ട ഗ്രാമ പഞ്ചായത്തിൽ നിന്നും വർക്ക് ഏറ്റെടുത്ത കരാറുകാർ

1.വിശ്വനാഥൻ കെ,,PWD conractor,കരിംപാറക്കൽ,നന്മണ്ട

2.സുഗുണൻ പി, PWD conractor,പുളിക്കൽ,അത്തോളി

3.മണി പി,കൊളത്തൂർ,അത്തോളി

4.റിജു എം വി,സുദീവം

5.മൊയ്തീൻ കോയ പി പി, PWD conractor,നന്മണ്ട

6.സുരേഷ് കുമാർ പി വി,സുരേഷ് ഭവൻ,പുന്നശ്ശേരി

7.ഷൈജു കെ ,കൊട്ടയാട്,വട്ടോളി

8.പി ബാദുഷ,പുറായിൽ,പി സി പാലം

9. വി അഷ്റഫ്,വാഴപ്പറോൽ,ചേളന്നൂർ

കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതനുസരിച്ച് മേൽ പരാമർശിച്ച കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 <u>ലൈബ്രറി സെസ്സ് അടവാക്കാത്തത് -സംബന്ധിച്ച്</u>

2016-17 വർഷത്തെ വാർഷിക കണക്ക് പ്രകാരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 9 പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 84,850/-രൂപ ലൈബ്രറി കൗൺസിലിന് അടക്കേണ്ടതായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക 2 ഗഡുക്കളായി

ലൈബ്രറി കൗൺസിലിന് അടക്കണം 20.09.2005 ലെ 10088/എ3/05/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ആദ്യ ഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30 നകവും അടക്കേണ്ടതാണ്.ഇതിൽ വീഴ്ച വരുത്തിയാൽ ഉണ്ടാകുന്ന പലിശ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണ്.

2016-17 ലെ ലൈബ്രറി സെസ് കളക്ഷൻ തുക ഒടുക്കി വിവരം അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അംഗനവാടികളിലേയ്ക്ക് റേഡിയോ വാങ്ങൽ–--പദ്ധതിനടത്തിപ്പിൽഅപാകതകൾ

നിർവഹണഉദ്യോഗസ്ഥ - ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്ട് നമ്പർ - so/103/17

ചെലവ് - 30520

ഗ്രാമപഞ്ചായത്തിലെ 28അംഗനവാടികളിലേയ്ക്ക് റേഡിയോ വാങ്ങി നൽകുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.ആയത് പ്രകാരം ക്വട്ടേഷൻ വിളിക്കുകയും പീ.യം.സെയ്ൽസ്&സർവ്വീസ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നു 28 ഫിലിപ്പ്സ് റേഡിയോ വാങ്ങി.(R.L.118 Philips Radio ). അവ അംഗനവാടികളിൽ വിതരണം ചെയ്തു.

ജി.ഒ(എം.എസ്)4/2016 1 ത.സ്വ.ഭ.വ. തീയതി 11.1.2016 ഉത്തരവിൽ അങ്കണവാടികൾക്ക് സ്ഥലം കെട്ടിടം,കുടിവെള്ളം, മറ്റ് ഭൗതികസാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന്ന് പ്രാധാന്യം നൽകണം എന്നാണ് വ്യക്തമാക്കിയത്. എന്നാൽ റേഡിയോ വിതരണം ഇതിൽ ഉൾപ്പെടുന്നില്ല.

പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും സബ്സിഡി മാർഗ്ഗരേഖയിലും പറഞ്ഞ നിബന്ധനകളും നിർദ്ദേശങ്ങളും പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന് അടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-2 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പദ്ധതി - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

ഡയറിഫാം ഇൻസ്ട്രക്റ്റർ 2016 -17 വർഷത്തിൽ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 922000/- രൂപ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നല്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.107 / 17 |
| പ്രോജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| വകയിരുത്തിയ തുക | 4 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 4 ലക്ഷം രൂപ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം - സാധാരണ വിഹിതം |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുക | 522000 രൂപ |
| ബ്ലോക്ക് വിഹിതമായി ചെലവഴിച്ച തുക | 522000 രൂപ |
| വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ ട്രഷറി ബിൽ നമ്പർ / തുക | ജിപി - 01 / 2016 -17 തിയ്യതി 25.03.2017 ,<br>തുക 4 ലക്ഷം രൂപ |

| | |
|---|---|
| ബ്ലോക്ക് വിഹിതമായി ലഭിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥക്ക് കൈമാറിയതിന്റെ ചെക്ക് നമ്പർ | ട്രഷറി ചെക്ക് നമ്പർ SB/JC 3102861 / 28.03.2017<br>തുക 522000 രൂപ |
| പ്രോജക്ടിന്റെ ഭരണാനുമതി | 111 / 16 തിയ്യതി 19.08.2016 |
| അംഗീകാരം നല്കിയത് | ശ്രീമതി.എൻ.ശ്രീകാന്തി ഡയറി എക്സ്റ്റൻഷൻ ഓഫീസർ . 22.08.2016 ലെ ജി.പി/05/16-17 ഉത്തരവ് പ്രകാരം. |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി എൻ.ബിന്ദു , ഡയറി ഫാം ഇൻസ്ട്രക്റ്റർ |

കർഷകർക്കുള്ള സബ്സിഡി തുകകൾ അവർ അംഗങ്ങളായ ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലേക്കാണ് കൈമാറിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ക്ഷീരോല്പാദക സഹകരണ സംഘം | കൈപ്പറ്റിയ തുക(രൂ) | കൈപ്പറ്റ് രശീത് നമ്പർ /തിയ്യതി |
|---|---|---|---|
| 1. | ചീക്കിലോട് | 112826 | 2561 / തിയ്യതി ഇല്ല |
| 2. | എഴുകുളം | 136733 | 1201 / തിയ്യതി ഇല്ല |
| 3. | കുമാരംപൊയിൽ | 66357 | 260 / തിയ്യതി ഇല്ല |
| 4. | നൻമണ്ട | 84084 | 12 / തിയ്യതി ഇല്ല |

ആകെ – 400000/-

| | | | |
|---|---|---|---|
| 1. | ചീക്കിലോട് | 147141 | 2562 / തിയ്യതി ഇല്ല |
| 2. | എഴുകുളം | 178662 | 1202 / തിയ്യതി ഇല്ല |
| 3. | കുമാരംപൊയിൽ | 86539 | 261 / തിയ്യതി ഇല്ല |
| 4. | നൻമണ്ട | 109658 | 14 / തിയ്യതി ഇല്ല |

ആകെ : 522000/-രൂപ

11.01.2016 ലെ ജി.ഒ(എം.എസ്) 4 / 2016 തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 15 ഖണ്ഡിക 3.2 ക്രമനമ്പർ 8 പ്രകാരം സബ്സിഡി തുക ക്ഷീരസംഘങ്ങൾ മുഖേന കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ മേൽതുകകൾ മുഴുവനായും കർഷകരുടെ അക്കൗണ്ടിലേക്ക് കൈമാറിയതായുള്ള രേഖകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല. കൂടാതെ ഈ പ്രോജക്ടിന്റെ മോണിറ്ററിങ് റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല. അപാകതകൾ വിശദീകരിക്കേണ്ടതാണ്. 922000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-3 ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയതിലെ അപാകത

ഡയറിഫാം ഇൻസ്ട്രക്ടർ 2016 -17 ൽ നടപ്പാക്കിയ ക്ഷീരഗ്രാമം പദ്ധതി പ്രകാരം 40 ഗുണഭോക്താക്കൾക്ക് പശുക്കളെ വാങ്ങുന്നതിന് 15000 രൂപ വീതം സബ്സിഡി നല്കിയിട്ടുണ്ട് . ഇതിൽ 10000 രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും 5000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതവുമാണ്. പ്രോജക്ട് ചെലവിന്റെ കൂടുതൽ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.123 / 17 |
| വികസനഫണ്ടിൽ നിന്നും ചെലവ് | 4 ലക്ഷം രൂപ |
| ജില്ല പഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവ് | 2 ലക്ഷം രൂപ |
| ട്രഷറി ബിൽ നമ്പർ / തുക | ജി.പി - 02 / 2016-17 , 4 ലക്ഷം രൂപ |
| ജില്ല പഞ്ചായത്ത് വിഹിതം കൈമാറിയ ചെക്ക് നമ്പർ , തുക | SB/JC 3102862 / 28.03.2017 , 2 ലക്ഷം രൂപ |
| പ്രോജക്ടിന്റെ ഭരണാനുമതി | 111 / 16 തിയ്യതി 19.8.16 |

| | |
|---|---|
| അംഗീകാരം നല്കിയത് | ശ്രീമതി.എൻ.ശ്രീകാന്തി . DEO , GP/06/16-17 തിയ്യതി 22.8.16 നമ്പർ ഉത്തരവ് പ്രകാരം. |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി.എൻ.ബിന്ദു , ഡയറിഫാം ഇൻസ്ട്രക്ടർ |

പശുക്കളെ വിറ്റ ആളുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് വികസനഫണ്ടിൽ നിന്നും 4 ലക്ഷം രൂപ കൈമാറിയത്. എന്നാൽ തുക അതാത് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചതായുള്ള വിവരം ട്രഷറി / ബാങ്ക് അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 4 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

ആകെ 29 പശുക്കളുടെ കാര്യത്തിൽ മാത്രമേ ഇവയെ ഇൻഷ്വർ ചെയ്ത രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ. അപാകത ശ്രദ്ധയിൽ പെടുത്തുന്നു. വിശദീകരണം നല്കേണ്ടതാണ്.

## 3-4 ഡെപ്പോസിറ്റ് വർക്കുകൾ - തുക കൈമാറിയെങ്കിലും കരാർ വെച്ചില്ല , പ്രവൃത്തി ആരംഭിച്ചില്ല

2016 – 17 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്കു വേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ ,പഞ്ചായത്ത് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ തുകകൾ കൈമാറിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | കൈമാറിയ തുക(രൂ) | ഫണ്ട് | ട്രഷറിബിൽ നമ്പർ /ഡി.ഡിനമ്പർ / ചെക്ക് നമ്പർ |
|---|---|---|---|---|---|
| 1. | SO 030/17 | കൊളത്തൂർ HSS -കനാൽ റോഡ് | 4 ലക്ഷം | വികസനഫണ്ട് | ഡിഡി നമ്പർ 594815/29.12.16 |
| 2. | SO 034/17 | മെയിന്റനൻസ് - ചീക്കിലോട് ബസ് സ്റ്റാൻഡ് റോഡ് | 235000 | MG(N.R) | ഡിഡി നമ്പർ 594794/26.12.16 |
| 3. | SO 035/17 | തലോടിത്താഴം - മുണ്ട്യാടിമൂല റോഡ് | 461118 | വികസനഫണ്ട് | ഡിഡി നമ്പർ 594795/26.12.16 |
| 4. | SO 035/17 | -ടി- | 33882 | ധനകാര്യ കമ്മീഷൻ അവാർഡ് | ഡിഡി നമ്പർ 594793/26.12.16 |
| 5. | SO 034/17 | ചീക്കിലോട് - ബസ് സ്റ്റാൻഡ് റോഡ് പുനരുദ്ധാരണം | 260000 | തനത്ഫണ്ട് | ട്രഷറിചെക്ക് നമ്പർ SBJC0565872/ 23.03.17 |
| 6. | SO 166/17 | കൊളത്തൂർ HSS – കനാൽറോഡ് | 90000 | ധനകാര്യകമ്മീഷൻ അവാർഡ് | ട്രഷറിബിൽ നമ്പർ 23/20.3.17 |

ക്രമനമ്പർ 6 ലെ തുക സെക്രട്ടറിയാണ് കൈമാറിയത് . ബാക്കിയുള്ളവ അസിസ്റ്റന്റ് എഞ്ചിനീയറും. കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ പേരാമ്പ്ര എന്ന സർക്കാർ ഏജൻസിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് തുകകൾ കൈമാറിയത്. എന്നാൽ ഏജൻസിയുമായി കരാറൊന്നും വെച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കേണ്ടതാണ്. ഏജൻസി പദ്ധതികൾക്കുവേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റ് പകർപ്പുകളും പരിശോധനക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ കൈമാറിയ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. അപാകതകൾ വിശദീകരിക്കേണ്ടതാണ്. 1480000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-5 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി - കൈമാറിയ തുകക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ 2016 – 17 വർഷത്തിൽ നടപ്പാക്കിയ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

പദ്ധതിയുടെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 69 / 17 |
| പ്രോജക്ടിന്റെ പേര് | ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ. |
| വകയിരുത്തിയ തുക | 2 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 2 ലക്ഷം രൂപ |
| ഫണ്ട് | M.G(N.R) |
| ട്രഷറി ബിൽ നമ്പർ , തുക | 1/2016-17 തിയ്യതി 15.10.16 , 2 ലക്ഷം രൂപ |
| ഭരണാനുമതി | 35/16 തിയ്യതി 3.3.16 |
| അംഗീകാരം നല്കിയത് | ഡോ.അനിത.പി.ഗോപിനാഥ് supdt.1/2016/CLR തിയ്യതി 20.8.16 ഉത്തരവ് പ്രകാരം. |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡോ.സുനില എസ് , മെഡിക്കൽ ഓഫീസർ ഹോമിയോ |
| തുക കൈപ്പറ്റിയത് | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റ് (ഹോംകോ) |
| തുക കൈമാറിയ ഡി.ഡി നമ്പർ / തിയ്യതി | 594024 / 20.10.2016 |
| കൈപ്പറ്റ് രശീത് നമ്പർ | 2031 / 25.10.2016 |

2 ലക്ഷം രൂപ കൈമാറിയെങ്കിലും ഇൻവോയ്സ് നമ്പർ എൽ - എഫ് 37 / 04/05/2017 പ്രകാരം 140855 രൂപയുടെ മരുന്നുകൾ മാത്രമേ ഹോംകോയിൽ നിന്നും ലഭിച്ചിട്ടുള്ളൂ. അപാകത ശ്രദ്ധയിൽ പെടുത്തുന്നു. ബാക്കി തുകക്കുള്ള മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 സമഗ്ര ആരോഗ്യ പരിപാടി - കൈമാറിയ തുകക്കുള്ള ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും ലഭിച്ചില്ല

2016 -17 വർഷത്തിൽ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ സമഗ്ര ആരോഗ്യ പരിപാടിയോട് അനുബന്ധിച്ച്

ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് കെ.എം.സി.എസ്.എല്ലിന് തുക കൈമാറിയിട്ടുണ്ടെങ്കിലും ആയവ ഡിസ്പെൻസറിയിലേക്ക് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 7/17 |
| വകയിരുത്തിയ തുക | 125000 രൂപ |
| ചെലവഴിച്ച തുക | 113637 രൂപ |
| ഫണ്ട് | തനത്ഫണ്ട് |
| ഭരണാനുമതി | 02/17(1) തിയ്യതി 06.01.2017 |
| അംഗീകാരം നല്കിയത് | ഡോ : ഹമീദ് എൻ.കെ , മെഡിക്കൽ ഓഫീസർ. 10 / 26.08.2016 നമ്പർ ഉത്തരവ് പ്രകാരം |
| ബന്ധപ്പെട്ട ചെക്ക് നമ്പർ , തുക | SBJC 3167024 / 29.03.17 , 19350 രൂപ |
| വൗച്ചർ നമ്പർ , തുക | 14 / 31.03.2017 , 13260 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡോ : ജാസ്മിൻ .കെ , മെഡിക്കൽ ഓഫീസർ ,PHC |

മേൽ പരാമർശിച്ച വൗച്ചർ പ്രകാരം 13260 രൂപ ഗ്ലൂക്കോമീറ്റർ , ഗ്ലൂക്കോമീറ്റർ സ്ട്രിപ്പുകൾ എന്നിവ വിതരണം ചെയ്യുന്നതിനായി (പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF 3819 തിയ്യതി 20.03.2017 പ്രകാരം ) കെ.എം.സി.എസ്.എൽ എന്ന സ്ഥാപനത്തിന്റെ 362400 18000000 19 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും ഡിസ്പെൻസറിയിൽ കെ.എം.സി.എസ്.എൽ വിതരണം ചെയ്തിട്ടില്ല. അപാകത ശ്രദ്ധയിൽപെടുത്തുന്നു.13260 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-7 വീടിന്റെ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ പദ്ധതി - ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറിയതിന് സാക്ഷ്യപ്പെടുത്തിയ

<u>രേഖകളില്ല</u>

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2016 – 17 വർഷത്തിൽ നടപ്പാക്കിയ മേൽ പദ്ധതിയുടെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ. 101 /17 |
| വകയിരുത്തിയ തുക | 20 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 14 ലക്ഷം രൂപ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം - സാധാരണ വിഹിതം |
| ഭരണാനുമതി | 111 / 16 തിയ്യതി 19.08.2016 |
| അംഗീകാരം നല്കിയത് | ശ്രീ.ആനന്ദ്.കെ.കെ , എക്സ്റ്റൻഷൻ ഓഫീസർ ഹൗസിങ്. 29.08.2016 ലെ 37/2016 നമ്പർ ഉത്തരവ് പ്രകാരം. |
| ബന്ധപ്പെട്ട ട്രഷറി ബിൽ നമ്പർ , തുക | 9/16-17 തിയ്യതി 14.3.17 , 2 ലക്ഷം രൂപ<br>10/16-17 തിയ്യതി 20.3.17 , 2 ലക്ഷം രൂപ<br>12/16-17 തിയ്യതി 20.3.17 , 2 ലക്ഷം രൂപ |
| നിർവ്വണ ഉദ്യോഗസ്ഥ | ശ്രീമതി മഞ്ജുള പി, വി.ഇ.ഒ |

ഈ പ്രോജക്റ്റ് പ്രകാരം 70 പേർക്ക് 20000 രൂപ വീതമാണ് ധനസഹായം നല്കിയത്.ഇതിൽത്തന്നെ മേൽപരാമർശിച്ച ട്രഷറി ബില്ലുകൾ പ്രകാരമുള്ള 6 ലക്ഷം രൂപ അതാത് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറുകയാണ് ചെയ്തത്. എന്നാൽ ഇപ്രകാരം തുകകൾ ബാങ്ക് അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ചിട്ടുണ്ട് എന്ന വിവരം ട്രഷറി / ബാങ്ക് അധികൃതർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

അപാകത വിശദീകരിക്കേണ്ടതാണ്. 6 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-8 <u>സമ്പൂർണ ശുചിത്വം - ഖരമാലിന്യ സംസ്കരണം പരിപാടി - പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്തതിന് വിതരണ രേഖകളില്ല</u>

2016 – 17 വർഷത്തിൽ വി.ഇ.ഒ നടപ്പിലാക്കിയ സമ്പൂർണ ശുചിത്വം - ഖരമാലിന്യ സംസ്കരണം പദ്ധതി പ്രകാരം 250 എണ്ണം പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെചേർക്കുന്നു. ഒരു ഗുണഭോക്താവിന് 2 വീതം യൂണിറ്റുകളാണ് വിതരണം ചെയ്തത്. ഒരു യൂണിറ്റിന് 710 രൂപയാണ് നിരക്ക്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ.024 /17 |
| വകയിരുത്തിയ തുക | 147750 രൂപ |
| ചെലവഴിച്ച തുക | 1 ലക്ഷം രൂപ |
| ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ബ്ലോക്ക് വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥക്ക് കൈമാറിയത് | ട്രഷറി ചെക്ക് നമ്പർ SBJC 3102863 / 31.3.17,<br>1 ലക്ഷം രൂപ |
| പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്ത ഏജൻസി | എവർഷൈൻ SHG Biogas , ചുങ്കത്തറ , മലപ്പുറം |
| ഇൻവോയ്സ് നമ്പർ | 05 / 29.3.17 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി പി.മഞ്ജുഷ , വി.ഇ.ഒ |

പദ്ധതി നടപ്പാക്കിയതിലെ അപാകത താഴെപ്പറയുന്നു.

1. മേൽ പരാമർശിച്ച ഇൻവോയ്സ് പ്രകാരം 250 എണ്ണം പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളാണ് ഏജൻസി വിതരണം ചെയ്തത്. 4,5 വാർഡുകളിൽ മാത്രമാണ് ഇവ വിതരണം ചെയ്തത്. എന്നാൽ ഗുണഭോക്താക്കൾ യൂണിറ്റുകൾ കൈപ്പറ്റിയതിനുള്ള കൈപ്പറ്റ് രേഖകളൊന്നും പരിശോധനക്ക് ലഭിച്ചിട്ടില്ല. അപാകത വിശദീകരിക്കേണ്ടതാണ്. ഒരു

ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

2. ആകെ 868 ഗുണഭോക്താക്കൾ 90 രൂപ വീതം ഗുണഭോക്തൃവിഹിതം അടച്ചിട്ടുണ്ടെങ്കിലും മുഴുവൻ പേർക്കും പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്ത് പദ്ധതി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.സ്പിൽ ഓവറായി

പ്രോജക്ട് പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്.

## 3-9 പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് - ക്ഷേമനിധി വിഹിതം അടവാക്കിയതിന് രേഖകളില്ല

2016-17 ൽ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. താഴെപ്പറയുന്നവയിൽ ക്രമനമ്പർ 2 ഒഴികെ ബാക്കിയെല്ലാം മെയിന്റനൻസ് ഗ്രാന്റ് ( നോൺ റോഡ് ) ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത് . ക്രമനമ്പർ 2 ലേത് വികസന ഫണ്ട് - ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നുമാണ്. പ്രവൃത്തിമൂല്യത്തിൽ നിന്നുംVAT / ഇൻകംടാക്സ് കിഴിവുകൾക്കുശേഷമുള്ള തുകയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത് . ക്ഷേമനിധി വിഹിതം അടച്ചതായി കാണുന്നില്ല. കരാറുകാർ കൈപ്പറ്റിയ തുകക്കുള്ള കൈപ്പറ്റ് രശീതും പരിശോധനക്ക് ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ട്രഷറി ബിൽ നമ്പർ / തിയ്യതി | ട്രഷറി ബിൽ തുക (രൂ) | എം.ബുക്ക് നമ്പർ | എം.ബുക്ക് പ്രകാരം പൂർത്തിയാക്കിയ പ്രവൃത്തി മൂല്യം | കിഴിവുകൾ ( VAT 4 % IT 1 % ക്ഷേമനിധി വിഹിതം 1%) | കിഴിവുകൾക്ക് ശേഷം കരാറുകാരന് നല്കേണ്ട തുക (രൂ) | അടക്കേണ്ട ക്ഷേമനിധി വിഹിതം (രൂ) |
|---|---|---|---|---|---|---|---|---|---|
| 1. | SO 109/17 | കാളിയത്ത് അങ്കണവാടി നവീകരണം | 15/16-17 28.03.17 | 133217 | AE 26/16-17 | 140228 | 8413 | 131815 | 1402 |
| 2. | SO 172/17 | കുടുംബശ്രീ ഓഫീസ്, വനിതവ്യവസായ കേന്ദ്രം (നവീകരണം) | 23/16-17 30.03.17 | 257919 | AE 45/16-17 | 271493 | 16288 | 255205 | 2714 |
| 3. | SO 112/17 | ബാലബോധിനി അങ്കണവാടി (നവീകരണം) | 24/16-17 28.03.17 | 171319 | AE 37/16-17 | 180335 | 10819 | 169516 | 1803 |
| 4. | SO 110/17 | ജ്വാല അങ്കണവാടി (നവീകരണം) | 34/16-17 23.3.17 | 146154 | AE 23/16-17 | 153846 | 9230 | 144616 | 1538 |
| 5. | SO 111/17 | അക്ഷയ അങ്കണവാടി (നവീകരണം) | 36/16-17 31.3.17 | 217102 | നമ്പർ ഇല്ല | 228528 | 13712 | 214816 | 2285 |
| 6. | SO 114/17 | തണൽ അങ്കണവാടി (നവീകരണം) | 22/16-17 30.3.17 | 137557 | AE 4/16-17 | 144796 | 8686 | 136110 | 1447 |
| 7. | SO 121/17 | PI ഹോസ്പിറ്റൽ - മാതോത്ത്പുറായിൽ റോഡ് | 19/16-17 28.3.17 | 189800 | AE 03/16-17 | 199800 | 12000 | 187800 | 2000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 8. | SO 126/17 | സൂപ്പി റോഡ് | 9/16-17 23.2.17 | 380000 | AE 20/16-17 | 4 ലക്ഷം | 24000 | 376000 | 4000 |

ആകെ : 17189

ക്ഷേമനിധി വിഹിതം അടച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-10 പി.എം.എ.വൈ പഞ്ചായത്ത് കോൺട്രിബ്യൂഷൻ -വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമല്ല

നിർവഹണഉദ്യോഗസ്ഥൻ അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ s0086/17

മേൽ പറഞ്ഞ പ്രൊജക്ടിന് വേണ്ടി ഗ്രാമപഞ്ചായത്ത് നാൽപതിനായിരം രൂപ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് അനുവദിച്ചിരുന്നു. ആയതിന്റെ വിനിയോഗവിവരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 3-11 യുവാക്കൾക്ക് മെച്ചപ്പെട്ട പ്രഫഷണൽ വിദ്യഭ്യാസം.നിബന്ധനകൾ പാലിച്ചിട്ടില്ല.

നിർവ്വഹണഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

പ്രോജക്റ്റ്നമ്പർ – soo90/17

ചെലവ് - 150000

സമർത്ഥരായ എസ്.ടി.വിഭാഗത്തിൽ പ്പെട്ടവരുടെ പ്രഫഷണൽ വിദ്യഭ്യാസത്തിന്ന്ധനസഹായം.ഒരു ഗുണഭോക്താവിന്ന് 25000രൂപയാണ് .സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ആയതിന്റെ അടിസ്ഥാനരേഖയാണ്. ഇതെ സ്കീം തന്നെ ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും നടപ്പിലാക്കുന്നതിനാൽ പട്ടികവർഗ്ഗ വികസനഓഫീസറിൽ നിന്നും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നു ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സർട്ടഫിക്കറ്റ് ഹാജരാക്കേണ്ടതാണെങ്കിലും അത് തൻ വർഷം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ടതു പ്രകാരം നൽകിയ മറുപടിയിൽ പ്രസ്തുത ഗുണഭോക്താക്കളോട് മറ്റ് സ്ഥാപനങ്ങളിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-12 ഒളയിന്മേൽ കോളനി സമഗ്ര വികസനം

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നമ്പർ - So 168/17

പദ്ധതിഅടങ്കൽ - 2400000/-

ഗ്രാമപഞ്ചായത്ത് തൻ വർഷം നടപ്പിലാക്കുന്ന മേൽപ്പറഞ്ഞ പ്രോജക്ട് പ്രകാരം എതെല്ലാം ഗുണഭോക്താക്കളാണ് വീട് നിർമ്മാണം പൂർത്തികരിച്ചതെന്നും തുക കൈപ്പറ്റിയഗുണഭോക്താക്കൾ വീട് നിർമ്മാണത്തിന്റെ എത് ഘട്ടത്തിലാണെന്നും

വിശദവിവരങ്ങൾ നൽകേണ്ടതാണെന്നും അന്വേഷണക്കുറിപ്പ് മുഖേന അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 3-13 ഡെപ്പോസിറ്റ് പ്രവൃത്തികൾ–---വിനിയോഗപത്രം ലഭ്യമല്ല

ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന പ്രവൃത്തികൾക്ക് വേണ്ടി തുക എക്സിക്യൂട്ടീവ്

എൻജിനിയർ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് പേരാമ്പ്ര എന്നവരുടെ പേരിൽ

ഡെപ്പോസിറ്റ് ചെയ്തു.വിശദവിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | പ്രോജക്റ്റ്നമ്പർ | ഡെപ്പോസിറ്റ്തുക | ചലാൻ |
|---|---|---|---|---|
| 1) | തലോടിതാഴം മുണ്ട്യാടിമൂലറോഡ് | 145/16/17 | 500000 | 1531/26/3/17 |
| 2) | കൊളത്തൂറ് എച്ച് എസ് എസ് കനാൽ റോഡ് | 166/16-17 | 90000 | 1712/23/3/17 |
| 3) | മുണ്ട്യാടിമൂലപാലം | 152/16/17 | 500000 | 1532/26/3/17 |
| 4) | ചീക്കിലോട് ബസ്സ് സ്റ്റാൻറ് റോഡ്പ്രവൃത്തി | 34/16-17 | 260000 | kl00672292 7201617 |

1) ഗ്രാമപഞ്ചായത്തു ഇറിഗേഷൻ വകുപ്പുമായി ഉടമ്പടി ചമച്ചിട്ടില്ല

2) പ്രവൃത്തിയുമായി ബന്ധപ്പെട്ട എസ്റ്റിമെറ്റ് തയ്യാറാക്കിയിട്ടില്ല.

3) പദ്ധതി പൂർത്തീകരിച്ചതായി ഇറിഗേഷൻ വകുപ്പിന്റെ പൂർത്തികരണ/വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമല്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല.വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-14 യുവാക്കൾക്ക് മെച്ചപ്പെട്ട പ്രഫഷണൽ വിദ്യഭ്യാസം-പദ്ധതിനടത്തിപ്പിൽ അപാകതകൾ

നിർവ്വഹണഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നമ്പർ - Soo89/17

ചെലവ് - 50000/-

സമർത്ഥരായ എസ്.സി വിഭാഗത്തിൽപ്പെട്ടവിദ്യാർത്ഥികളുടെ പ്രഫഷണൽ കോഴ്സിനുള്ള പഠനത്തിന്ന് ധനസഹായം നൽകുക എന്നാണ്പദ്ധതി ലക്ഷ്യമിടുന്നത്.ഒരു വിദ്യർത്ഥിയ്ക്ക് 25000 രൂപയാണ് ധനസഹായം.അർഹത നിശ്ചയിക്കുന്നത് മെറിറ്റ് അടിസ്ഥാനത്തിലാണ്.എന്നാൽ പദ്ധതിനടത്തിപ്പിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1) ഗുണഭോക്താക്കളായ ആദർശ് ഇ.പി,,ആദർശ് നെട്ടുളി എന്നിവർഹാജരാക്കിയ രേഖകളിൽ മെറിറ്റോറിയസ്ആണ്എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2) ഗുണഭോക്താക്കൾ ബ്ളോക്ക് ജില്ലാ പഞ്ചായത്തിൽ നിന്ന് ആനുകൂല്യം വാങ്ങിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

മേൽപറഞ്ഞ അപാകതകൾക്ക് ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് ലഭ്യമാക്കിയ മറുപടിയിൽ പരാമർശം ഒന്ന് പ്രകാരം ധനസഹായം അനുവദിച്ച കുട്ടികൾ സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്നവരാണെന്നും സംവരണാടിസ്ഥാനത്തിലാണ് അഡ്മിഷൻ നേടിയതെന്നും അറിയാൻ സാധിച്ചതായി നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.ഗുണഭോക്താക്കൾ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.ഇക്കാര്യങ്ങളിൽ നടപടി സ്വീകരിച്ച ശേഷം വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 3-15 ബഡ്സ് റിഹാബിലിറ്റേഷൻ സെൻറർ---പദ്ധതിനടത്തിപ്പിൽ വീഴ്ച.

നിർവഹണഉദ്യോഗസ്ഥ - -ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നമ്പർ - soo77/17

പദ്ധതി ലക്ഷ്യമിടുന്നത് ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ നിലവാരം വർദ്ധിപ്പിക്കുക എന്നതാണ്. ആയതിൻെറ ഭാഗമായി യാത്രസൗകര്യം നൽകൽ,കളിയുപകരണങ്ങൾ വാങ്ങൽഎന്നിവ ഇതിൽ ഉൾപ്പെടുന്നു. ക്വട്ടേഷൻ തുക കോട്ട് ചെയ്ത ആൾക്ക് വിദ്യാർഥികളെ ദിവസവും വീട്ടിൽ നിന്ന് സ്കൂളിലേക്കും തിരിച്ചും എത്തിക്കുന്നതിന് വാഹനത്തിന് 1100/- രൂപ ദിവസ വാടക നൽകുകയും നൽകുകയു ചെയ്തു. പഞ്ചായത്ത്തീരുമാനം 116/16(1) 30.8.16 അ ജണ്ട 4 പ്രകാരം .

എന്നാൽ ഫയലുകൾ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

സ്കൂൾ സമർപ്പിച്ച ഹാജർ പ്രകാരം നൽകേണ്ടതിനേക്കാൾ കൂടുതൽ തുക നൽകി. വിശദവിവരം ഇപ്രകാരമാണ്.

| മാസം | ഡ്രൈവർ ഹാജരായ ദിവസം | നൽകേണ്ട തുക | നൽകിയ തുക | അധികം |
|---|---|---|---|---|
| ആഗസ്റ്റ് | 22 | 24200 | 25300 | 1100 |
| മാർച്ച് | 25 | 27500 | 28600 | 1100 |
| ആകെ | | | | 2200 |

ഡ്രൈവർക്ക് അധികമായി 2200/- രൂപ നൽകിയിട്ടുണ്ട്. ഇതിനു പുറമെ ബഡ്സ് സ്കൂളിൽ ക്രമപ്രകാരമുള്ള ഹാജർ പട്ടിക സൂക്ഷിക്കുന്നില്ല. അധിക തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-16 മേൽക്കൂര മാറ്റി പുതിയമേൽക്കൂര നിർമ്മിക്കൽ

നിർവ്വഹണഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ്നമ്പർ - Soo91/17

മേൽ പ്രൊജക്റ്റ് എസ്.സി വിഭാഗത്തിൽപ്പെട്ടവരുടെ വീടിന്റെ മേൽക്കൂര മാറ്റി പുതിയമേൽക്കൂരനിർമ്മിക്കുവാനാണ്.പദ്ധതിഅടങ്കൽ മൂന്ന് ലക്ഷംരൂപ.12 ഗുണഭോക്താക്കൾക്ക് 25000രൂപ വീതം തൻ വർഷം നൽകി.

എന്നാൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) എൽ.എസ്.ജി.ഡി എൻജിനിയർ അളവെടുത്ത് എസ്റ്റിമെറ്റ് തയ്യാറാക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

ബി). ചുമർ ബലമുള്ളതു എന്നാൽ മേൽക്കൂര ഓല,പുല്ല്,തകരഷീറ്റ് ഉപയോഗിച്ച് മേഞ്ഞതും ആയ വീടുകളായിരിക്കണം.അല്ലെങ്കിൽ പൂർണ്ണമായി ജീർണ്ണിച്ച ഓടിട്ടമേൽക്കൂരയായിരിക്കണം.എന്നാൽ ഇത് വ്യക്തമാക്കുന്ന രേഖയൊന്നു ലഭ്യമല്ല.

സി) ഗുണഭോക്താക്കളുമായി ഉടമ്പടി ചമച്ചിട്ടില്ല. ബ്ലാങ്ക് മുദ്രപത്രം മാത്രമാണ് ഫയലിൽ ഉള്ളത്.

മേൽ അപാകതകൾ ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് എസ്റ്റിമേറ്റ് ഗുണഭോക്താക്കളിൽ നിന്ന് ലഭ്യമാക്കുന്നതാണെന്നും,ഗുണഭോക്താക്കളുടെ ഭവനങ്ങൾ നിർവഹണ ഉദ്യോഗസ്ഥൻ നേരിട്ട് കണ്ട് ബോധ്യപ്പെട്ടതാണെന്നും ബ്ലാങ്ക് മുദ്രപത്രത്തിൽ ഉടമ്പടി എഴുതി സീക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-17 വിദ്യാർ ത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ സ്റ്റോർപർച്ചോസ് നിയമം പാലിച്ചിട്ടില്ല

നിർവഹണഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

തൻവർഷം നടപ്പിലാക്കിയ പ്രോജക്റ്റുകളായ എസ് ടി വിദ്യാർകൾക്ക് ഫർണിച്ചർ(പ്രോജക്റ്റ്നമ്പർ so143/17 )ന് 200000 രൂപചെലവഴിച്ചു.ഇതിനു പുറമെ എസ് സി വിദ്യർത്ഥികൾക്ക്സ്കോളർഷിപ്പ്(പ്രോജക്റ്റ് നമ്പർ so133/17 ന് 200000രൂപ ചെലവഴിച്ചു.എസ്.ടി വിഭാഗത്തിൽപ്പെട്ട 50 കുട്ടികൾക്കുഎസ് സി വിഭാഗത്തിൽപ്പെട്ട 50 കുട്ടികൾക്കു സ്റ്റീൽ ടേബിൾചെയർ എന്നിവ നൽകി.എന്നാൽ പദ്ധതി നടത്തിപ്പിൽ ചില അപാകതകൾകണ്ടു.

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കാനുള്ളമാർഗ്ഗരേഖപ്രകാരം (GO(P)259/2010 LSGD 8.11,2010) ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പ് വിലയുള്ള സാധനങ്ങൾ വാങ്ങുമ്പോൾ ഓപ്പൺ ടെണ്ടർ വിളിക്കണം.വ്യപകമായ പ്രചാരമുള്ള ഒരു ഇംഗ്ളീഷ്ദിനപത്രത്തിലും മലയാള ദിനപത്രത്തിലും പരസ്യം ചെയ്യണം. ടെണ്ടർ ഫോറത്തിന്റെ സമർപ്പണത്തിനു പരസ്യതിയ്യതിമുതൽ 21 ദിവസം നൽകണം. ടെണ്ടറുകൾ ടെണ്ടർ സമർപ്പിച്ചവരുടെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിഅംഗങ്ങളുടെയും സാന്നിദ്ധ്യത്തിൽപരസ്യമായി തുറക്കണം. എന്നാൽ മേൽ പറഞ്ഞനിബന്ധനകളൊന്നു പദ്ധതിനടത്തിപ്പിൽ പാലിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്

## 3-18 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ 6048 കുടുംബങ്ങൾക്കാണ് തൊഴിൽ കാർഡ് നൽകിയിട്ടുള്ളത്.വെബ്സൈറ്റിൽ ഫോട്ടോ അപ്ലോഡ് ചെയ്യാനുള്ള ആക്ടിവല്ലാതിരുന്നതിനാൽ പലപ്പോഴും തൊഴിൽ കാർഡ് ലഭ്യമാക്കാൻ രണ്ടാഴ്ചയിൽ കൂടുതൽ സമയമെടുത്തിട്ടുണ്ട്. 2016-17 വർഷത്തിൽ മൊത്തം 65,447 തൊഴിൽ ദിനങ്ങളാണ് ലഭ്യമാക്കിയത്.ലേബർ ബഡ്ജറ്റ് പ്രകാരം 280 പ്രവർത്തികൾ വിഭാവനം ചെയ്തതിൽ269 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.65,447 തൊഴിൽ ദിനത്തിൽ തൊഴിലാളികളുടെ കൂലിയിനത്തിൽ 1,64,17,830/- രൂപയും മെറ്റീരിയൽ കംപോണന്റ് ഇനത്തിൽ 11,66,484/- രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്.പഞ്ചായത്തിലുള്ള തൊഴിലുറപ്പ് പദ്ധതി കൈകാര്യം ചെയ്യുന്ന വിഭാഗം ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 2016-17 വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുള്ളത് 19 കുടുംബങ്ങൾക്ക് മാത്രമാണ്.പ്രസ്തുത വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 31 മാത്രവും എന്ന് കാണുന്നു. രജിസ്റ്റർ ചെയ്ത 6048 കുടുംബങ്ങളിൽ .3%ന് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്ന രീതിയിൽ തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികൾ വിഭാവനം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 112000 | ഹരിതകേദാരം ഇടവിളകൃഷി | 112000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 11440 | ഹരിതകേദാരം ജൈവപച്ചക്കറികൃഷി | 11440 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 522000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 522000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 69680 | ഇടവിളകൃഷി | 69680 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | സമ്പൂർണ്ണ ശുചിത്വം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 200000 | ക്ഷീരഗ്രാമം | 200000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇറിഗേഷൻ വകുപ്പ് | തലോടിതാഴംമുണ്ട്യാടി മൂല റോഡ് | | 500000 | 0 | 500000 |
| ഇറിഗേഷൻ വകുപ്പ് | മുണ്ട്യാടി മൂല പാലം | | 500000 | 0 | 500000 |
| ഇറിഗേഷൻ വകുപ്പ് | കൊളത്തൂർ എച് എസ് എസ് കനാൽ റോഡ് | | 90000 | 0 | 90000 |
| ഇറിഗേഷൻ വകുപ്പ് | ചീക്കിലോട് ബസ്റ്റാന്റ് റോഡ് | | 195000 | 0 | 195000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുക നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന വായ്പ | സ ഉ (സാധാ)479/10 /തസ്വഭവ തീയതി-11.02.2010 | | 100000 | 100000 | | 0 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 633289 |
| തൻവർഷം നിക്ഷേപിച്ച തുക | 58579 |
| ആകെ | 691868 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 691868 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോഴിക്കോട് ജില്ലാ കോ-ഓപ് ബാങ്ക്,ബാലുശ്ശേരി ബ്രാഞ്ച് | 691868 |
| ആകെ | 691868 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ചത്26300/-രൂപയാണ്. വിശദ വിവരങ്ങൾ രേഖപ്പെടുത്തിയ ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | 21 | 2000-01 | 99 | പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമാണത്തിൽ ക്രമക്കേടുകൾ |
| 2001-02 | 30 | 2003-04 | 7.20 (പൊതുപരാമർശം) | നികുതിപിരിവിൽ അലംഭാവം |
| 2002-03 | 2-2 | 2006-07 | 3.79.2 (പൊതുപരാമർശം) | കെട്ടിടവാടകക്കുടിശ്ശിക |
| 2002-03 | 3-2 | 2006-07 | 3.79.13 (പൊതുപരാമർശം) | ഫർണീച്ചർ-സിംഗിൾ ക്വട്ടേഷൻ പ്രകാരം വാങ്ങി |
| 2002-03 | 3-5 | 2006-07 | 3.79.16 (പൊതുപരാമർശം) | രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റൽ |
| 2002-03 | 3-7 | 2006-07 | 3.79.17 (പൊതുപരാമർശം) | പെരിങ്ങാട്ടുമല ഐ.എച്ച്.ഡി.പി. കോളനി റോഡ് പ്രവൃത്തി |
| 2003-04 | 3-10 | 2006-07 | 3.79.18 (പൊതുപരാമർശം) | കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയില്ല. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53082736 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50076803 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2200/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 35,32,449/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും |
|---|---|---|
| 3-16 | 2200 | ശ്രീമതി.പ്രമീള.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 9,22,000/- | ബിന്ദു എൻ,ഡിഎഫ് ഐ |
| 3-3 | 4,00,000/- | ബിന്ദു എൻ,ഡിഎഫ് ഐ |
| 3-4 | 14,80,000/- | ഷിനോയ്,എഇ |
| 3-6 | 13,260/- | ഡോ.ജാസ്മിൻ,എംഒ,പിഎച്ച്സി |
| 3-7 | 6,00,000/- | മഞ്ജുള പി,വിഇഒ |
| 3-8 | 1,00,000/- | മഞ്ജുള പി,വിഇഒ |
| 3-9 | 17,189/- | ഷിനോയ്,എഇ |
| 3-10 | 40,000/- | രാധാകൃഷ്ണൻ എ.പി,എ എസ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(4)/17.09.10 | 1 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(10)/17.09.10 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(11)/17.09.10 | 3 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(13)/17.09.10 | 1 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(14)/17.09.10 | 6 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(15)/17.9.10 | 9 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(16)/17.9.10 | 5 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി(പി2)1519/09(17)/17.09.10 | 12 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി(പി2)310/10/24.03.10 | 7 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി(പി2)2028/13/09.01.14 | 14 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി(പി2)1384/13/26.11.13 | 18 |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.കെ.കെ.ഡി(പി2)1693/12 /02.08.13 | 19 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി(പി2)1694/12/17.07.13 | 22 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി(പി2)572/14/08.04.14 | 18 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.കെ.ഡി.(പി 12)/1105/15(1)/17.2.16 | 24 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.(പി 12)/1178/16/08.07.16 | 21 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.(പി 12)/2176/16/22.12.2016 | 13 |

ഡെപ്യൂട്ടി ഡയറക്ടർ

**1**

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.കെ.ഡി/പി-12/1483/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി- 11.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ 215 ാം വകുപ്പും 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ് അവലംബിച്ചും നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2016 –17 വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ള കാര്യങ്ങളിലൊഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- ാം വകുപ്പും 12.06.2003 ലെ ജി.ഒ.(പി)/319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

No.KSA/KKD/P-12/1483/2017

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in

Date: 11.08.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Nanminda Grama Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Nanminda Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR
District Audit Office, Kozhikode.